കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുഴപ്പിള്ളിഗ്രാമപഞ്ചായത്ത്

## 2018-2019

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

**<u>രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം</u>**

നം.കെ.എസ്.എ.ഇകെഎം(പി.3) 283/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :19.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴുപ്പിള്ളിപഞ്ചായത്ത്

സർ,

വിഷയം : കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം(പി3) 283/2020. തീയതി :19.03.2020

## എറണാകുളം ജില്ലയിലെ കുഴപ്പിള്ളി ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 18.09.2018 മുതൽ 31.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും,ഉദ്യോഗപ്പേരും | വിനോദ് കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും, തസ്തിക വിവരവും |
|---|---|
| 20.02.2020മുതൽ<br>29.02.2020 വരെ | ശ്രീ.സുരേഷ്.എസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. രാജീവ് ആർ<br>സീനി.ഗ്രേഡ് ഓഡിറ്റർ |
| | കുമാരി.മേഴ്സി. കെ.പി<br>സീനി.ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീ.അഭിലാഷ് എം.ആർ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. രജിത സജീവ് | 01.04.2018 മുതൽ 31.03.2019 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.സഞ്ചയ് പ്രഭു.ഡി | 01.04.2018 മുതൽ 31.03.2019 വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി അനുജ.ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വെറ്റിനറി സർജൻ | ഡോ. അഷ്കർ | 01.04.2018 മുതൽ 08.02.2019 വരെ |
| | | ഡോ.ലക്ഷ്മി ദേവി പി | 09.02.2019 മുതൽ 31.03.2019 വരെ |
| 3 | ഐ.സി,ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.വിനീത പി.വി | 01.04.2018 മുതൽ 14.02.2019 വരെ |
| | | ശ്രീമതി.സിന്ദു വി ശങ്കർ | 15.02.2019 മുതൽ 31.03.2019 വരെ |
| 4 | വി.ഇ.ഒ അയ്യമ്പിള്ളി | ശ്രീമതി. ശാലിനി എം. എം | 01.04.2018 മുതൽ 03.12.2018 വരെ |
| | | ശ്രീമതി.ലിജി.കെ.വി | 04.12.2018 മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ കുഴുപ്പിള്ളി | ശ്രീ.രാജേന്ദ്രൻ ഒ.ബി | 01.04.2018 മുതൽ 29.08.2018 വരെ |
| | | ശ്രീമതി.ഷിൻസി | 30.08.2018 മുതൽ 25.11.2018 വരെ |
| | | ശ്രീ.യേശുദാസ് സി.എ | 26.11.2018 മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുരേഷ്കുമാർ പി.ആർ | 01.04.2018 മുതൽ 03.03.2019 വരെ |
| | | ഡോ. സുസ്മിതാ ബായ് എൻ | 04.03.2019 മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലെൻസി ഫ്രാൻസിസ് .പി | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഷീബ തോമസ് | 01.04.2018 മുതൽ 12.07.2018 വരെ |
| | | ഡോ. നീമ ബേസിൽ | 13.07.2018 മുതൽ 31.03.2019 വരെ |

| | | | |
|---|---|---|---|
| 9 | അസി. എൻജിനീയർ | ശ്രീമതി. അനില രഘുനാഥ് | 01.04.2018 മുതൽ 08.03.2019 വരെ |
| | | ശ്രീ. ശരൺ എസ് | 09.03.2019 മുതൽ 31.03.2019 വരെ |
| 10 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.രതീഷ് ബാബു സി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.ലീന തോമസ് | 01.04.2018 മുതൽ 31.03.2019വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- ധനസഹായം ലഭിച്ചിട്ട് ഒരു വർഷമായെങ്കിലും വീട് പണി തുടങ്ങിയിട്ടില്ല | 1-13 |
| 14 | കെ.എസ്.ഇ.ബി യ്ക്ക് ജി.എസ്.ടി നൽകേണ്ടതില്ലെങ്കിലും ജി.എസ്.ടി നല്കി | 1-14 |
| 15 | വെള്ളക്കരം -ഭീമമായ കുടിശ്ശിക ഒടുക്കാനായി അവശേഷിക്കുന്നു. | 1-15 |
| 16 | കരാർ വെച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ചെയ്തിട്ടില്ല | 1-16 |
| 17 | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 1-17 |
| 18 | പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകിയതിന് ഫൈൻ ഈടാക്കിയില്ല. | 1-18 |
| 19 | അനധികൃത (അൺ ഓതറൈസ്ഡ് ) കെട്ടിടങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നതിലെ അപാകത | 1-19 |
| 20 | സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല | 1-20 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 21 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ രെജിസ്ട്രേഷൻ എടുക്കുന്നില്ല | 1-21 |
| 22 | അൺ എയ്ഡഡ് സ്ഥാപനത്തിന്റെ കെട്ടിട നികുതി ഈടാക്കുന്നില്ല. | 1-22 |
| 23 | ബിറ്റുമിൻ വില രൂപ 4289/- തിരികെ ലഭിച്ചില്ല | 1-23 |
| 24 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ട് | 1-24 |
| 25 | എസ്.എസ്.എ. പ്രോജക്ട്- അപാകതകൾ | 1-25 |
| 26 | ഡെപ്പോസിറ്റ് വർക്കുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| | ഇല്ല | |
| | ഭാഗം 4 | |
| 27 | തോട് നവീകരണത്തിന്റെ ഭാഗമായി ലഭിച്ച മണ്ണ് റോയൽറ്റി മാത്രം ഈടാക്കി കരാറുകാരന് നൽകി. മണ്ണിന്റെ വില ഈടാക്കിയില്ല | 3-1 |
| 28 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- ധനസഹായം ലഭിച്ചിട്ട് ഒരു വർഷമായെങ്കിലും വീട് പണി തുടങ്ങിയിട്ടില്ല | 3-2 |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 40 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 41 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്.

# 1-1. ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28-2-19 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 30-04-19 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(9)/2019/02.08.2019 | വിശേഷണങ്ങളോടുകൂടിയത്. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5786571 |
| വരവ് | 61539928 |
| ആകെ | 67326499 |
| ചെലവ് | 50146787 |
| നീക്കിയിരിപ്പ് | 17179712 |

# 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 8014704 | 8014704 | 7913641 | 101063 | |
| വികസനഫണ്ട് എസ്.സി.പി. | | 5131000 | 5131000 | 4304240 | 826760 | |
| വികസനഫണ്ട് ടി.എസ്.പി. | | 36000 | 36000 | 11700 | 24300 | |
| സംരക്ഷണഗ്രാന്റ് റോഡ് | | 3171000 | 3171000 | 944829 | 2226171 | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 2780000 | 2780000 | 2780000 | - | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 5346893 | 5346893 | 2109411 | 3237482 | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | -- | 7891138 | 7891138 | 5323307 | | 2567831 |
| എസ്.ബി.റ്റി ലിറ്ററസി | 3678 | 125531 | 129209 | 125400 | | 3809 |
| എസ്.ബി.റ്റി ഡിസ്ട്രസ് റിലീഫ് ഫണ്ട് | 20163 | 632 | 20795 | 5710 | | 15085 |
| എം.എൻ. ആർ.ഇ. ജി. എസ് — അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 155915 | 619781 | 775696 | 614772 | | 160924 |
| എം.എൻ. ആർ.ഇ. ജി. എസ് — തൊഴിലാളികളുടെ കൂലി | | 15389210 | 15389210 | 15389210 | | 0 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | (-)57900 | 13148483 | 13090583 | 4433200 | | 8657383 |
| ബി ഫണ്ട് | | 22726520 | 22726520 | 22726520 | | -- |
| തനത് ഫണ്ട് | 2324080 | 6268780 | 8592860 | 6706580 | | 1886280 |
| എസ്.ബി.ഐ ലൈഫ് | 666826 | 13402206 | 14069032 | 13585000 | | 484032 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 128 | 82617467 | 75 | 35237413 | 13 | 40 | 58.59 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 155915 | 619781 | 775696 | 614772 | 160924 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 15389210 | 15389210 | 15389210 | |
| ആകെ | 155915 | 16008991 | 16164906 | 16003982 | 160924 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 64320 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 2285400 | 171 |
| വിധവാപെൻഷൻ | 6595400 | 535 |
| വാർദ്ധക്യകാലപെൻഷൻ | 11047900 | 993 |
| വികലാംഗപെൻഷൻ | 1940200 | 148 |
| വിവാഹധനസഹായം | 90000 | 03 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 683300 | 56 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2020ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50725/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന കത്തുകളും, ഇ മെയിലുകളുമാണ് ഓഫീസ് മേധാവി ഇനിഷ്യൽ ചെയ്ത് സെക്ഷനുകൾക്ക് നൽകുന്നത്. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കുന്നില്ല.

6. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

7. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

9. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

10. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.

11. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.01.2020 | ഡിസംബർ 2019 | 15.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 30.05.18 മുതൽ 13.06.18 വരെ | 2013-14 മുതൽ 2017-18വരെ | 12.07.2018 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

ഈ ഓഫീസിലെ കെ.എസ്.എ ഇ.കെ.എം (പി.ജി) 1227(9)/2019 -ാം നമ്പർ ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

# 1-13 ലൈഫ് ഭവന നിർമ്മാണ പദ്ധതി- ധനസഹായം ലഭിച്ചിട്ട് ഒരു വർഷമായെങ്കിലും

# വീട് പണി തുടങ്ങിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S058/18-19, ലൈഫ് ഭവന പദ്ധതി (പൊതു വിഭാഗം) |
| അടങ്കല് | വികസന ഫണ്ട്- 20,00,000<br>ബ്ലോക്ക് വിഹിതം- 32,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം-48,00,000<br>ഹഡ്കോ ലോണ്- 3,00,00,000<br>ആകെ- 4,00,00,000 |
| ചെലവ് | വികസന ഫണ്ട്- 20,00,000<br>ബ്ലോക്ക് വിഹിതം- 16,40,000<br>ജില്ലാ പഞ്ചായത്ത്<br>വിഹിതം- 15,00,000<br>ഹഡ്കോ ലോണ്- 1,22,80,000<br>ആകെ- 1,74,20,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ കുഴുപ്പിള്ളി |

ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് വീട് വെക്കുന്നതിന് ധനസഹായം നല്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാളൊഴിച്ച് ബാക്കി എല്ലാവരും വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മിക്കവരും നിർമ്മാണം പൂർത്തിയാക്കുകയോ സമീപ ഭാവിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന അവസ്ഥയിലോ ആണ്. എന്നാൽ ലക്ഷ്മിക്കുട്ടി(അനിൽ കെ.എസ്), കോഴിക്കൽ ഹൌസ്, അയ്യമ്പള്ളി, വാർഡ്-5 എന്ന ഗുണഭോക്താവ് 29.03.19 ൽ 40,000/- രൂപ (ചെക്ക് നം.173477തീയതി 28.03.19-6,80,000രൂപ) അഡ്വാൻസായി കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഇതുവരെ വീട് പണി ആരംഭിച്ചിട്ടില്ല. ഈ വിഷയത്തിൽ എന്ത് തുടർ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി ഇപ്പോൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ശ്രീമതി ലക്ഷ്മിക്കുട്ടിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ നാലാം വ്യവസ്ഥ പ്രകാരം തുക ലഭിച്ച് ആറ് മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നിരുന്നാലും ഭവന നിർമ്മാണം ആരംഭിച്ച സ്ഥിതിയ്ക്ക് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ടതും, വീഴ്ച വരുത്തിയാൽ കരാറിൽ അനുശാസിക്കും പ്രകാരം 12% പലിശയോട് കൂടി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് വീട് വെക്കുന്നതിന് ധനസഹായം നല്കുന്നതിനുള്ള പ്രോജക്ട് പ്രകാരം. ഓമന കണ്ടാരി, പുളിക്കത്തറ, വാർഡ്-11 എന്ന ഗുണഭോക്താവ് 31.08.2018 ൽ 40,000/- രൂപ (ബിൽ നം.06/18-19തീയതി 31.08.18-6, 80,000/-രൂപ) അഡ്വാൻസായി കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഇതുവരെ വീട് പണി ആരംഭിച്ചിട്ടില്ല. ടിയാരി വെച്ചിട്ടുള്ള കരാറിലെ നാലാം വ്യവസ്ഥ പ്രകാരം തുക ലഭിച്ച് ആറ് മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. ഇയാൾ ഭവന നിർമ്മാണം തുടങ്ങാൻ ഇനിയും സന്നദ്ധത അറിയിച്ചിട്ടില്ലാത്തതിനാൽ നൽകിയ തുകയായ 40,000/- രൂപ തിരികെ ഈടാക്കാൻ റവന്യൂ

റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-2ൽ ചേർത്തിരിക്കുന്നു.

# 1-14 കെ.എസ്.ഇ.ബി യ്ക്ക് ജി.എസ്.ടി നൽകേണ്ടതില്ലെങ്കിലും ജി.എസ്.ടി നല്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | S013/18-19, വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ വലിക്കൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ്- 4,28,000 |
| ചെലവ് | ബിൽനം-46/18-19-/26.12.18- 3,54,260/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ വലിക്കലിക്കുന്നതിനായി കെ.എസ്.ഇ.ബി യ്ക്ക് 3,54,260/- രൂപ നൽകിയട്ടുണ്ട്. ഇതിൽ 54040/-രൂപ ജി.എസ്.ടിയും 300220/-രൂപ എസ്റ്റിമേറ്റ് തുകയുമാണ്. ഗവണ്മെന്റ് ഓഫ് ഇൻഡ്യ, മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central tax rate) sl.no.5 chapter 99 പ്രകാരം (Services by a government (central government, state government, union territory, local self government) or goverment authority by way of any activity in relation to any function entrusted to a panchayat under article 243G of the constitution- tax rate -Nil) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള സേവനങ്ങൾക്ക് ജി.എസ്.ടി നൽകേണ്ടതില്ല. Governmental authority means a board, or an authority or any other body established with 90 percent or more participation by equity or control or set up by an act of the Parliament or a state Legislature to carry out any function entrusted to a panchayat under article 243 G of the constitution. കെ.എസ്.ഇ.ബിയും കേരള വാട്ടർ അതോറിറ്റിയും ഗവൺമെന്റൽ അതോറിറ്റികളായതിനാൽ പഞ്ചായത്തിന്റെ ചുമതലയായ കുടിവെള്ള വിതരണവും റൂറൽ ഇലക്ട്രിഫിക്കേഷൻ ആന്റ് സ്ട്രീറ്റ് ലൈറ്റിംഗിനും ജി.എസ്.ടി ചുമത്താൻ പാടില്ല. എന്നാൽ കെ.എസ്.ഇ.ബി യ്ക്ക് 54040/-രൂപ ജി.എസ്.ടി നൽകിയിട്ടുണ്ട്. ഇത് റീഫണ്ട് ലഭിക്കുന്നതിനാവശ്യമായ സാധ്യതകൾ ആരായേണ്ടതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

# 1-15 വെള്ളക്കരം -ഭീമമായ കുടിശ്ശിക ഒടുക്കാനായി അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S 14/18-19, വെള്ളക്കരം ഒടുക്കൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം)- 13,15,000 |

| | |
|---|---|
| ചെലവ് | ബിൽ നം.35/18-19-/23.11.18- 406875<br>73/18-19/25.03.19- 881804<br>-------------------------------<br>12,88,679 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

2018-19 ൽ 12,88,679/-രൂപ പ്രോജക്ട് മുഖേനയും 1,31,296/- രൂപ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തതും ഉൾപ്പെടെ ആകെ 14,19,975/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2018 നവംബർ മാസത്തിൽ 1,44,49,565/- രൂപ കുടിശ്ശികയുണ്ട്. ഒടുക്കിയ തുകകൾ സംബന്ധിച്ച രേഖകൾ പഞ്ചായത്ത് കൃത്യമായി സൂക്ഷിക്കുന്നുണ്ടെങ്കിൽ, 31.03.2019 ന് ഒടുക്കാൻ ബാക്കിയുള്ള തുകയും കേരള വാട്ടർ അതോറിറ്റിയുടെ ബിൽ തുകയും തമ്മിലുള്ള വ്യത്യാസം അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം 42,44,567/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കാൻ ബാക്കിയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുടെ ബില്ലും ഇതും തമ്മിൽ 31.03.2019 നുള്ള വ്യത്യാസം അറിയിച്ചിട്ടില്ല. പഞ്ചായത്തിന്റെ കണക്കും കേരള വാട്ടർ അതോറിറ്റിയുടെ കണക്കും തമ്മിൽ പ്രഥമ ദൃഷ്ട്യാ വലിയ വ്യത്യാസമുണ്ട്. കണക്കുകൾ തമ്മിലുള്ള വ്യത്യാസം നീക്കുന്നതിനും കുടിശ്ശിക നിവാരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-16 കരാർ വെച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുപ്പിത്തറ റോഡ് സെക്കന്റ് മെറ്റലിംഗ് ആന്റ് ടാറിംഗ് |
| പ്രോജക്ട് നമ്പർ | S0134/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | പ്രമോദ് സിബി |
| കരാർ | 16/17-18/AE/KPLY dt 31-1-18 |

കുപ്പിത്തറ റോഡ് സെക്കന്റ് മെറ്റലിംഗ് ആന്റ് ടാറിംഗ് ചെയ്യുന്നതിന് പ്രമോദ് സിബി 31.01.2018 ൽ കരാർ വെച്ച് ടാറിഗിന് ആവശ്യമായ താഴെപ്പറയുന്ന സാധനങ്ങൾ കൈപ്പറ്റിയിട്ടുണ്ട്.

| | | |
|---|---|---|
| ബിറ്റുമിൻ | 386.13 kg | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എല്ലാ സാധനങ്ങളുടെയും ആകെ വില 27474/- |
| RS1 | 50.325 kg | ” |
| SS1 | 155.55 kg | ” |

എന്നാൽ രണ്ടു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുവാനും സപ്ലിമെന്ററി കരാർ വെക്കുന്നതിനും 02-05-2018, 17-10-2018 തീയതികളിൽ അസിസ്റ്റന്റ് എഞ്ചിനിയർ, ടിയാന് കത്ത് നൽകിയിരുന്നെങ്കിലും ഓഡിറ്റ് തീയതി വരെ പ്രവൃത്തി പൂർത്തീകരിക്കുകയോ സപ്ലിമെന്ററി കരാർ വെക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തി ചെയ്തിട്ടില്ലെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇനിയും പൂർത്തിയാക്കുന്നില്ലെങ്കിൽ ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതും കൈപ്പറ്റിയ സാധനങ്ങളുടെ വില 18% പിഴ പലിശ സഹിതം ഈടാക്കേണ്ടതുമാണ്.

# 1-17 സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നില്ല

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്തിലെ ചില സ്ഥാപനങ്ങൾ 2018-19 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എം.എസ്. ട്രേഡിങ്ങ് (സ്വർണ്ണ പണയ വ്യാപാരം), കെ.എസ്.സി.ബി ഷോപ്പിങ്ങ് കൊംപ്ലെക്സിനു സമീപം |
| 2 | ഫ്രണ്ട്സ് അസ്സോസിയേറ്റ്സ്(സ്വർണ പണയം), അയ്യമ്പിള്ളി. |
| 3 | ശ്രീരാഗ് ഗോൾഡ് ലോൺ , അയ്യമ്പിള്ളി |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 28-02-2020 ന നല്കിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല . മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകിയതിന് ഫൈൻ ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബീച്ച് റോഡ് കോൺക്രീറ്റിംഗ് |
| പ്രോജക്ട് നമ്പർ | S0147/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |

| | |
|---|---|
| കരാറുകാരൻ | പ്രമോദ് സിബി |
| അളവുപുസ്തകം | 1/18-19 |
| ചെലവു വിവരം | ബിൽ നമ്പർ 11/18-11-2018, രൂപ 359748/- |
| കരാർ നമ്പർ | 9/17-18 /AE/KPLY/dt 11-01-2018 |

ബീച്ച് റോഡ് കോൺക്രീറ്റിംഗിന് ശ്രീ.പ്രമോദ് സിബി കരാർ വെച്ച് 11-01-2018 ൽ സൈറ്റ് ഏറ്റെടിത്തിട്ടുണ്ട്. ടെണ്ടർ നോട്ടീസ്/ കരാർ പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമാണ് (10-04-2018). എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 10-09-2018 ൽ ആണ്. പ്രവൃത്തിയുടെ അളവിൽ വ്യത്യാസം വന്നതിനെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. {14-03-2018 ലെ തീരുമാനം 16 (2)}
02-05-2018, 16-05-2018 തീയതികളിൽ അസിസ്റ്റന്റ് എഞ്ചിനിയർ, ടിയാന് നൽകിയ കത്തിൽ എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടുള്ളതാണെന്നും പൂർത്തീകരണ കാലാവധി നീട്ടുന്നതിന് കരാർ ഉടമ്പടി വെക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഒരാഴ്ചയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ സപ്ലിമെന്ററി കരാർ വെക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കാലാവധിദീർഘീകരണത്തിന്, അപേക്ഷ നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ കരാറുകാരൻ ചെയ്തിട്ടില്ലെന്നും പക്ഷേ പൂർത്തീകരിക്കാൻ താമസിച്ചത് കരാറുകാരന്റെ തെറ്റല്ലന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം ദീർഘീകരണത്തിന്, കാലാവധി തീരുന്നതിന് മുമ്പായി കരാറുകാരൻ അപേക്ഷ നൽകേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. അതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. അപേക്ഷ സമർപ്പിക്കാതെ തന്നെ കരാറുകാരന് സമയം ദീർഘിപ്പിച്ച് നൽകിയ നടപടി ശരിയല്ല. കരാർ വ്യവസ്ഥ 7 പ്രകാരം ആദ്യ 3 മാസത്തേക്ക് സമയം നീട്ടി നൽകുന്നതിന് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% വുമാണ് ഫൈൻ ഈടാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതനുസരിച്ച് ഈടാക്കേണ്ട ഫൈനിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സൈറ്റ് ഏറ്റെടുത്ത തീയതി | 11-1-18 |
| പൂർത്തീകരിക്കേണ്ട തീയതി | 10-4-18 |
| പൂർത്തീകരിച്ച തീയതി | 10-9-18 |
| വരുത്തിയ കാലതാമസം | 5 മാസം |
| എഗ്രീഡ് PAC | 366180/- |
| ഈടാക്കേണ്ട ഫൈൻ<br>ആദ്യ 3 മാസം(1%)<br>പിന്നീടുള്ള 2 മാസം 25 ദിവസം (2%)<br>{366180x 2% X2/3} | 3662<br>4882<br>ആകെ 8544/- |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 അനധികൃത (അൺ ഓതറൈസ്ഡ്)കെട്ടിടങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നതിലെ അപാകത

1994 ലെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടതാണെങ്കിൽ ആയതിനെതിരെ സ്വീകരിക്കേണ്ട തുടർനടപടികൾക്ക് ഭംഗം വരാതെ, കെട്ടിടം നിയമാനുസൃതമായി നിർമ്മിക്കപ്പെട്ടാൽ കൊടുക്കേണ്ടിവരുമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നതുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കണം. എന്നാൽ താഴെപ്പറയുന്ന നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അധിക നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമയുടെ പേര് | നിയമാനുസൃത മാണെങ്കിൽ ചുമത്തേണ്ടതും 2 ഇരട്ടി യും ചേർന്ന തുക | ചുമത്തിയിരി ക്കുന്നത് | വ്യത്യാസം |
|---|---|---|---|---|---|
| 1 | 8/ UA 144/A/UA(2008) | സിദ്ധൻ / ദാസൻ, ചെറുവയ്പ്പ് | 70 +140= 210 | 70 | 140 |
| 2 | 13/UA 163/A/UA(2016) | ദേവദാസ്, നെടുംപറമ്പിൽ, കൊഴപ്പള്ളി | 216+432=648 | 216 | 432 |
| | | ആകെ | | | 572/- |

പരിശോധിച്ച് മേൽ വ്യത്യാസത്തിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ കാരണമായി പറയുന്നത് 2009 ന മുമ്പുള്ള കെട്ടിടങ്ങൾക്കാണ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അധിക നികുതി ചുമത്തുന്നത് എന്നാണ്. എന്നാൽ ക്രമ നം. 2 ലെ കെട്ടിടം 2016 ൽ ഉള്ളതാണ്, 2005 ലെ കെട്ടിടങ്ങൾക്കും പഞ്ചായത്ത് അധിക നിരക്കിൽ നികുതി ഈടാക്കിയിട്ടുമുണ്ട്. മാത്രമല്ല അസ്സസ്സ്മെൻറിലെ അപാകതകൾ പരിഹരിക്കുന്നതിനും മറ്റുമായി സഞ്ചയ സോഫ്റ്റ് വെയർ 31.10.2019 വരെയും 15.01.2020 വരെയും ഓപ്പൺ ആക്കി നൽകിയിരുന്നു. ആയതിനാൽ നിയമം അനുശാസിക്കുന്ന രീതിയിലുള്ള നിരക്കിൽ നികുതി ഈടാക്കുന്നതുനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല.

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്തിലെ ചില സ്ഥാപനങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും

വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ നിയമ പ്രകാരമുള്ള ലൈസൻസ് 2018-19 വർഷത്തിൽ എടുക്കാത്തതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | വെസ്റ്റിയൽ ഡിജിറ്റൽ വീഡിയൊഗ്രാഫി & ഫോട്ടൊഗ്രാഫി, പള്ളത്താംകുളങ്ങര |
| 2 | കുഴപ്പിള്ളി സർവീസ് സഹകരണ ബാങ്ക് ജൈവ സൂപ്പർ മാർക്കറ്റ്, കെ.എസ്.സി.ബി ഷോപ്പിങ്ങ് കൊംപ്ലെക്സ് |
| 3 | മാവേലി മെഡിക്കൽ ഷോപ്പ്, കെ.എസ്.സി.ബി ഷോപ്പിങ്ങ് കൊംപ്ലെക്സ് |
| 4 | ലോർഡ്സ് കംപ്യൂട്ടേഴ്സ്, അയ്യമ്പിള്ളി |
| 5 | ഫൊട്ടോ പാലസ് ഡിജിറ്റൽ സ്റ്റുഡിയോ, അയ്യമ്പിള്ളി |

ലൈസൻസ് ഇല്ലാതെ മേൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് സംബന്ധിച്ച് 27-02-2020 ന നല്കിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എടുക്കുന്നില്ല

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ സംബന്ധിച്ച അപേക്ഷകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 266 -ാം സെക്ഷൻ പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് ആവശ്യമായ രജിസ്ട്രേഷൻ എടുക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അൽഫോൺസ ട്യൂഷൻസ്, കെ.എസ്.സി.ബി ഷോപ്പിങ്ങ് കോംപ്ലെക്സിനു സമീപം |
| 2 | എദ്യൂ എക്സ് ട്യൂഷൻ സെന്റർ, ചെറുവൈപ്പ് |

മേൽ സ്ഥാപനങ്ങളിൽ നിന്നും ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് 27.02.2020 ന് നല്കിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുമെന്നു മറുപടി ലഭിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 അൺ എയ്ഡഡ് സ്ഥാപനത്തിന്റെ കെട്ടിട നികുതി ഈടാക്കുന്നില്ല.

കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ ആറാം വാർഡിൽ Rural Academy for Management studies ന്റെ ഉടമസ്ഥതയിലുള്ള VI 279, VI 280, VI 281, VI 282 എന്നീ കെട്ടിടങ്ങളുടെ നികുതി 2013-14 ന് ശേഷം അടവാക്കാതെ നിലനിൽക്കുന്നതായി കാണുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ WP(c) No. 18185 of 2019(W) എന്ന കേസിന്റെ 15.11.2019 ലെ വിധിയിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 207 1(b), 207 (1) (ba) പ്രകാരമുള്ള നികുതി ഇളവ് അൺഎയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്കും ലഭിക്കുന്നതിനായുള്ള ടി പെറ്റീഷനും സമാനമായ കേസ്സുകളും തള്ളുകയും അൺഎയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ നിന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാനുള്ള നികുതി, പലിശ സഹിതം ഈടാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

മേൽ കെട്ടിടത്തിൽ നിന്ന് നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി 6 നം. നൽകിയതിന് WP (c). No. 14540/2016(N) നമ്പർ കേസ്സിൽ ഡിമാൻറ് നോട്ടീസിന് സ്റ്റേ നിലവിലുള്ളതിനാൽ ആണ് നികുതി പിരിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾക്കായി ബഹു.കേരള ഹൈക്കോടതിയുടെ (WP(c) No. 18185 of 2019(W)) യുടെ 15.11.2019 ലെ വിധി അടിസ്ഥാനമാക്കി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള മറ്റ് അൺഎയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

# 1-23 ബിറ്റുമിൻ വില Rs.4289/- തിരികെ ലഭിച്ചില്ല

2017-18 വർഷത്തെ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ, RS1, SS1 എന്നിവ വാങ്ങുന്നതിന് HPCL, HINCOL എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകിയതിൽ സപ്ലൈ ചെയ്ത ടാറിന്റെ വില കുറച്ച ശേഷം 4289/-രൂപ തിരികെ ലഭിക്കുവാനുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | HPCL | HINCOL |
|---|---|---|
| വൌച്ചർ നമ്പർ | 21800049/19-4-18 | 21800050/19-4-18 |
| നൽകിയ തുക | 178033 | 66695 |
| ലഭ്യമാക്കിയ സാധനങ്ങളുടെ വില | 176700 (ബിൽ നം 31833611800924/10-5-18) | 63739 (ബിൽ നം എ. 9000544280/10-5-18, ബി.9000544279/10-5-18) |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| ബാക്കി | 1333 | 2956 |

ലഭിക്കുവാനുള്ള 4289/-രൂപ (1333+2956) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്. ടി തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. ടി തുക ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-24 മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ പ്രോജക്ട്-അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| പ്രോജക്ട് നമ്പർ | 37/18-19 |
| അടങ്കൽ | 3,90,000/- |
| ചെലവ് | 3,90,000/- |

1.മേൽ പ്രോജക്ടിനായി ഉപയോഗിക്കുന്ന KL 01-BR-5399, മാരുതി ഓംനി ആമ്പുലൻസിന്റെ ലോഗ് ബുക്കിൽ, വാഹനത്തിന്റെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം (Fuel counsumption certificate) ഇല്ല. G.O. (Rt) no. 582/75/PW dtd. 05.05.1975 പ്രകാരം നടത്തേണ്ടതായ ഫ്യൂവൽ ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ നടത്തി സാക്ഷ്യപത്രം സൂക്ഷിക്കാതെ, വാഹനത്തിന് 12KM മൈലേജ് കണക്കാക്കി ഇന്ധനം ഉപയോഗിക്കുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 5) 04.05.2016 ൽ ആണ് അവസാനമായി ഫ്യൂവൽ ടെസ്റ്റ് നടത്തിയതെന്നും പുതിയതായി ടെസ്റ്റ് നടത്തുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുന്ന താണെന്നും മറുപടി നൽകിയിട്ടുണ്ട്.

2. 22.02.2020 ൽ ഓഡിറ്റിനായി ലോഗ് ബുക്ക് നൽകിയപ്പോൾ 18.02.2020 വരെ യുള്ള യാത്രകളുടെ രേഖപ്പെടുത്തലുകൾ മാത്രമാണ് നടത്തിയിട്ടുള്ളത്. 19, 20, 21, 22 തീയതികളിലെ യാത്രകൾ രേഖപ്പെടുത്തിയിരുന്നില്ല. ഈ തീയതികളിൽ ഭവനസന്ദർശനം നടത്തിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് ഭവനസന്ദർശനം നടത്തിയിരുന്നു എന്നാണ് അറിയിച്ചത്.

3. ലോഗ് ബുക്ക് പ്രകാരം 06.09.18, 27.09.18 എന്നീ തീയതികളിൽ പാലിയേറ്റീവ് സന്ദർശനത്തിനായി വാഹനം ഓടിയിട്ടില്ല. എന്നാൽ ഈ തീയതികളിൽ ഭക്ഷണച്ചെലവ് (180), ഇന്ധനച്ചെലവ് (114) എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 06.09.2018 ലെ യാത്ര ലോഗ് ബുക്കിൽ ചേർക്കാൻ വിട്ടുപോയി എന്നാണ് അറിയിച്ചിരിക്കുന്നത്.
വാഹന ഉപയോഗത്തിന്റെ ആധികാരിക രേഖയായ ലോഗ് ബുക്ക്, യാത്രപുറപ്പെടും മുൻപ് എഴുതി വാഹനത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ദിവസങ്ങൾക്കുശേഷം ലോഗ് ബുക്കെഴുതുന്നതായാണ് പരിശോധനയിൽ വ്യക്തമാകുന്നത്. ഭവന സന്ദർശനച്ചെലവുകളും ലോഗ്ബുക്ക് രേഖപ്പെടുത്തലുകളും തമ്മിൽ പൊരുത്തപ്പെടാത്തതും ഗൗരവതരമായ

അപാകതയാണ്. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ പ്രകാരം തന്നെയാണ് ഭവനസന്ദർശനവും രോഗീപരിചരണവും നടപ്പിലാക്കുന്നതെന്ന് ഉറപ്പാക്കുന്നതിൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

4. G.O.Rt. No. 3217/2015/LSGD dtd. 29.10.2015 ലെ ഖ. 2.6.5.(2) പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് HMC അക്കൗണ്ടിലേക്ക് നൽകുന്ന തുകയ്ക്ക് HMC യുടെ രസീത് നൽകേണ്ടതും പ്രസ്തുത രസീത് പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ചെലവ് രേഖയ്ക്കൊപ്പം വൗച്ചർ നമ്പരിട്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ വിവിധ ചെലവുകൾക്കായി HMCയിലേക്ക് തുകകൾ കൈമാറിയിട്ടുണ്ടെങ്കിലും ആയവയ്ക്കുള്ള HMC രസീതുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല (ഉദാ- 17.07.18 ലെ ക്യാഷ്ബുക്ക് പ്രകാരം 30,000/-, 20,800/-, 1496/- എന്നീ തുകകൾ യഥാക്രമം നഴ്സിൻെറ ശമ്പളം, ഡ്രൈവറുടെ ശമ്പളം, POL ചാർജ്ജ് എന്നിവയ്ക്കായി HMC യിലേക്ക് നൽകിയിട്ടുണ്ട്.). ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് കൈപ്പറ്റു രസീതുകൾ ഹാജരാക്കി. എന്നാൽ വൌച്ചർ നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക് പ്രകാരം HMC ക്ക് നൽകിയതായ തുക പ്രോജക്ടിൽ നിന്ന് നേരിട്ട് നൽകിയതായും മറുപടി നൽകിയിട്ടുണ്ട്. ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അവ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# 1-25 എസ്.എസ്.എ. പ്രോജക്ട്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/ പേര് | S002/18-19, എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം)- 4,35,882 |
| ചെലവ് | ബിൽ നം . 17/18-19/20.08.18 - 4,35,882 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.11/ 2018/ ത.സ്വ.ഭ.വ-7.6 വിദ്യാഭ്യാസം (3) പ്രകാരം എസ്.എസ്.എ. പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ പ്രോജക്ടിൽ നടപ്പാക്കേണ്ട കാര്യങ്ങളുടെ വിശദാംശങ്ങൾ തയ്യാറാക്കി ജില്ലാ പ്രോജക്ട് ഓഫീസറെ അറിയിച്ചിട്ടില്ല. വിദ്യാഭ്യാസം, കല,സംസ്കാരം, യുവജനകാര്യം മോണിട്ടറിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ നിന്ന് പ്രോജക്ട് മോണിട്ടർ ചെയ്തിട്ടില്ലായെന്ന് കാണുന്നു. പ്ലാൻ ഔട്ട് ലേയുടെ 40% ആണ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതം. ഈ വിഹിതമായ 4,35,882/-രൂപ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. മുഴുവൻ തുകയായ 10,89,705/- രൂപയാണ് പഞ്ചായത്തിൽ ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ 4,35,882/-രൂപയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റാണ് ജില്ലാ പ്രോജക്ട് ഓഫീസർ നൽകിയിട്ടുള്ളത്. ബാക്കി തുകയ്ക്ക് എന്തൊക്കെ കാര്യങ്ങൾ എസ്.എസ്.എ പഞ്ചായത്തിൽ ചെയ്തു എന്നുള്ളത് മോണിട്ടറിംഗ് ഗ്രൂപ്പോ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ പരിശോധിച്ചിട്ടില്ല. ഭാവിയിൽ പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 ഡെപ്പോസിറ്റ് വർക്കുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

താഴെപ്പറയുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതു വരെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവ് | ബിൽ നം. | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 13/18-19,വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ | 354260 | 46/18-19/26.12.2018 | വിനിയോഗ സാക്ഷ്യപത്രമില്ല |
| 2 | 120/18-19, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 39,000 | 79/18-19/29.03.19-39000 | വിനിയോഗ സാക്ഷ്യപത്രമില്ല |
| 3 | 55/19, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ - വാർഡ്-13 | 108000 | 27/18-19/30.10.18-98000 53/18-19-20.02.19-10000 | വിനിയോഗ സാക്ഷ്യപത്രമില്ല |
| | ആകെ | 501260 | | |

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 തോട് നവീകരണത്തിന്റെ ഭാഗമായി ലഭിച്ച മണ്ണ് റോയൽറ്റി മാത്രം ഈടാക്കി കരാറുകാരന് നൽകി. മണ്ണിന്റെ വില ഈടാക്കിയില്ല

എ)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പള്ളിത്തോട് സംരക്ഷണം രണ്ടാം ഘട്ടം വാർഡ് -1 |
| പ്രോജക്ട് നമ്പർ | S0133/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| [illegible] | [illegible] |

| | |
|---|---|
| കരാറുകാരൻ | രാജീവൻ പി.പി |
| അളവുപുസ്തകം | 263/18-19 |
| ചെലവു വിവരം | ബിൽ നമ്പർ 18/8-3-19 രൂപ 39528/- |

ഒന്നാം വാർഡിലെ പള്ളിത്തോടിൽ നിന്നും ലഭ്യമായിട്ടുള്ള 50% വരുന്ന മണ്ണ് വർക്ക് ഏറ്റെടുത്തിട്ടുള്ള കരാറുകാരന് നൽകുന്നതിനും മണ്ണിന്റെ വില ബില്ലിൽ നിന്നും കുറവ് ചെയ്ത് മണ്ണ് നീക്കം ചെയ്യുന്നതിനും 28.02.2019 ലെ 9(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിയിൽ 244$m^3$ മണ്ണ് കുഴിച്ചെടുത്തതിൽ 50% മണ്ണ് മാത്രമാണ് ഉപയോഗയോഗ്യമായിട്ടുള്ളത്. ഇതനുസരിച്ച് 122$m^3$ മണ്ണിന്റെ റോയൽറ്റിയായി 44/$m^3$ നിരക്കിൽ 5368/- രൂപ ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്. എന്നാൽ മണ്ണിന്റെ വില കുറവു ചെയ്തിട്ടില്ല.

ബി)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലെ വിവിധ ജല സ്രോതസ്സുകളുടേയും തോടുകളുടേയും സംരക്ഷണം |
| പ്രോജക്ട് നമ്പർ | S0095/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | രാജീവൻ പി.പി |
| അളവുപുസ്തകം | 94/16-17 |
| ചെലവു വിവരം | ബിൽ നമ്പർ 21/5-4-19 രൂപ 39528/- (ക്യൂ ബിൽ) |

പതിനൊന്നാം വാർഡിലെ ഠാണാവ് തോടിൽ നിന്നും ലഭ്യമായിട്ടുള്ള ഉപയോഗയോഗ്യമായ 50% വരുന്ന മണ്ണ് വർക്ക് ഏറ്റെടുത്തിട്ടുള്ള കരാറുകാരന് നൽകുന്നതിനും മണ്ണിന്റെ വില ബില്ലിൽ നിന്നും കുറവ് ചെയ്ത് മണ്ണ് നീക്കംചെയ്യുന്നതിനുള്ള അനുമതിയും 18.03.2019 ലെ 8(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിയിൽ 396.454$m^3$ മണ്ണ് കുഴിച്ചെടുത്തതിൽ 50% മണ്ണ് മാത്രമാണ് ഉപയോഗയോഗ്യമായിട്ടുള്ളത്. ഇതനുസരിച്ച് 198.227$m^3$ മണ്ണിന്റെ റോയൽറ്റിയായി 50/$m^3$ നിരക്കിൽ 9911/-രൂപ ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്. എന്നാൽ മണ്ണിന്റെ വില കുറവു ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തോട്ടിൽ നിന്നും ലഭ്യമായിട്ടുള്ള 50% മണ്ണ് തീരെ ഉപയോഗ്യമല്ലാത്തതും ബാക്കിയുള്ള 50% മണ്ണിന് DSR നിരക്ക് പ്രകാരം റോയൽറ്റിയാണ് ഈടാക്കിയിട്ടുള്ളതെന്നും കൂടാതെ ടി തോടുകളിലേക്ക് വീടുകളിൽ നിന്നും മറ്റും വേസ്റ്റ് വാട്ടർ ഔട്ട് ലെറ്റ് വെച്ചിട്ടുള്ളതിനാൽ ഇവിടുന്ന് ലഭ്യമാകുന്ന മണ്ണ് മരാമത്ത് പ്രവൃത്തിക്ക് ഉപയോഗിക്കാൻ സാധിക്കാത്തതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അതിനാൽ റോഡ് ഫില്ലിംഗ് പ്രവൃത്തിക്കായി ഉപയോഗിക്കുന്ന മണ്ണിന് നൽകുന്ന റോയൽറ്റി ചാർജ്ജ് മാത്രമാണ് (DSR item no 50.2.25.1) ഈടാക്കിയിട്ടുള്ളതെന്നമാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ തോട്ടിൽ നിന്നും ലഭ്യമായിട്ടുള്ള 50% മണ്ണ് ഉപയോഗയോഗ്യമാണെന്നും മണ്ണിന്റെ വില ബില്ലിൽ

നിന്നും കുറവ് ചെയ്യുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതിനാലും മേൽ മറുപടി അംഗീകരിക്കുന്നില്ല. പൊതു മാർക്കറ്റിൽ മണ്ണിന് ഉയർന്ന വിലയുള്ളപ്പോഴാണ് റോയൽറ്റിമാത്രം ഈടാക്കി കരാറുകാരന് മണ്ണ് നൽകിയത്. DSR item no 3.4 ൽ compensation for earth taken from private land (M-092) പ്രകാരം മണ്ണിന് കോസ്റ്റ് ഇൻഡക്സ് (ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്ന കോസ്റ്റ് ഇൻഡക്സ്-49.02) ഉൾപ്പെടെ 238/$m^3$ നിരക്ക് അനുവദിക്കുന്നുണ്ട്. അതിനാൽ ലേലം ചെയ്യാതെ കരാറുകാരന് മണ്ണ് നൽകിയിട്ടുള്ളതിനാൽ ഘന മീറ്ററിന് 238/$m^3$ നിരക്കിൽ മണ്ണിന്റെ നില ഈടാക്കേണ്ടതാണ്. മണ്ണിന്റെ വിലയിനത്തിൽ കുറവു ചെയ്യുണ്ടിയിരുന്ന തുക യുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പള്ളിത്തോട് സംരക്ഷണം രണ്ടാം ഘട്ടം വാർഡ് -1 | 122$m^3$ @238 = 29036/- |
| പഞ്ചായത്തിലെ വിവിധ ജല സ്രോതസ്സുകളുടേയും തോടുകളുടേയും സംരക്ഷണം | 198.227$m^3$ @238 = 47178/- |
| ആകെ | 76214 |

മേൽ രണ്ടു പ്രവൃത്തികളിലായി കരാറുകാരനായ ശ്രീ.പി.പി.രാജീവനിൽ നിന്നും 76214/-രൂപ (29036 + 47178) ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

# 3-2 ലൈഫ് ഭവന നിർമ്മാണ പദ്ധതി- ധനസഹായം ലഭിച്ചിട്ട് ഒരു വർഷമായെങ്കിലും വീട് പണി തുടങ്ങിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S056/18-19, ലൈഫ് ഭവന പദ്ധതി (എസ്.സി വിഭാഗം) |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)- 12,18,160 |
| ചെലവ് | 01/18-19-17.01.19- 40,000<br>10/18-19-26.02.19- 3,60,000<br>04//18-19-14.08.18- 40,000<br>06/18-19-31.08.18- 40,000<br>ആകെ 8,40,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ അയ്യമ്പള്ളി |

ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് വീട് വെക്കുന്നതിന് ധനസഹായം നല്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാളൊഴിച്ച് ബാക്കി എല്ലാവരും വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മിക്കവരും നിർമ്മാണം പൂർത്തിയാക്കുകയോ സമീപഭാവിയിൽ നിർമ്മാണം പൂർത്തീകരിക്കുന്ന അവസ്ഥയിലോ ആണ്. എന്നാൽ ഓമന

കണ്ടാരി, പുളിക്കത്തറ, വാർഡ്-11 എന്ന ഗുണഭോക്താവ് 31.08.2018 ൽ 40,000/- രൂപ (ബിൽ നം.06/18-19 തീയതി 31.08.2018-6,80,000രൂപ) അഡ്വാൻസായി കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഇതുവരെ വീട് പണി ആരംഭിച്ചിട്ടില്ല. ശ്രീമതി ഓമന കണ്ടാരിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ നാലാം വ്യവസ്ഥ പ്രകാരം തുക ലഭിച്ച് ആറ് മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. ഏഴാം വ്യവസ്ഥ പ്രകാരം ഭവന നിർമ്മാണത്തിനായി തുക വിനിയോഗം ചെയ്യാതിരിക്കുകയോ ദുർവിനിയോഗം ചെയ്യുകയോ, മൂന്നാം വ്യവസ്ഥ പ്രകാരം കരാറിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുകയോ ചെയ്യുന്ന പക്ഷം ടിയാളുടെ പേര് ഗുണഭോക്തൃ പട്ടികയിൽ നിന്നൊഴിവാക്കുകയും നല്കിയ തുക 12 ശതമാനം പലിശയോടും കൂടി തിരികെ ഈടാക്കേണ്ടതുമാണ്. ഇയാൾ ഭവന നിർമ്മാണം തുടങ്ങാൻ ഇനിയും സന്നദ്ധത അറിയിച്ചിട്ടില്ലാത്തതിനാൽ നൽകിയ തുകയായ 40,000/-രൂപ തിരികെ ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. നൽകിയ തുക 12 ശതമാനം പലിശയോട് കൂടി ഉടനെ ഈടാക്കി അറിയിക്കേണ്ടതാണ് അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 1500000 | ലൈഫ് ഭവന പദ്ധതി | 1500000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 150000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 2000000 | മോസ്കറോഡ് നിർമ്മാണ | 0 | 2000000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1500000 | സിമിത്തേരിപ്പാലം റോഡ് നിർമ്മാണ | | 1500000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1000000 | ജനകീയറോഡ് റീടാറിംഗ് | | 1000000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1200000 | തറവട്ടം 28 കെട്ടുചിറ റോഡ് | | 1200000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 800000 | വർക്ക്ഷേപ്പ് റോഡ് | | 800000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1500000 | തൊള്ളായിരം ചിറപ്പാലം | | 1500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 223600 | വയോജനങ്ങൾക്ക് കട്ടിൽ | 223600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1646040 | ലൈഫ് ഭവന പദ്ധതി | 1640000 | 6040 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 250000 | പാൽ സബ്സിഡി | 250000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. സി.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 46/26.12.2018 | 3542600 | 3542600 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 1.3 | 79/29.03.2019 | 39000 | 39000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 5 | 27/30.10.2018 & 53/20.02.2019 | 108000 | 108000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ച്ചടയ്ക്കാൻ ബാക്കി യുണ്ടായി രുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| EMS ഭവന പദ്ധതി | ജി.ഒ (ആർ .ടി ) 952/2010/ തസ്വ ഭവ തീയതി 19-03-2010 | 7545165 | 1090228 | 578500 | 0 | 511728 |
| ലൈഫ് ഭവനം.(കെ യു ആർ ഡി എഫ് സി) | - | 12583917 | - | - | - | 12583917 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2009-10 | -- | 2009 മാർച്ച് 31 | 3.2.9.1 | പൊതുടാപ്പുകൾ പരിപാലിക്കുന്നതിലെ അധികച്ചെലവുകൾ | 2017 ജനവരി മാസത്തിന്റെ തുടക്കത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം ലഭ്യമാക്കുന്നതിന് പരിശോധന നടത്തുകയും 20.03.12 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ മൊത്തം പൊതു ടാപ്പുകളുടെ |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | | | എണ്ണം 243 ആയി തിട്ടപ്പെടുത്തുകയുണ്ടായി . അതോടെ നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ്ജ് 51333/- രൂപയിൽ നിന്ന് 70875/- ആയി വർദ്ധിക്കുകയു ണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന് മേൽത്തുക വലിയ ബാധ്യതയാകുമെന്നതിനാൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാരോട് ഒഴിവാക്കാനാവുന്ന പൊതുടാപ്പുകളുടെ കണക്കെടുത്ത് ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുവാനും കമ്മിറ്റി തീരുമാന പ്രകാരം ടി ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ആവശ്യമയ നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനം ഉള്ളതാണ്. പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയത് പ്രകാരം 24.02.2018 ൽ 56728/- രൂപ വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുള്ളതാണ്. ആയത് പ്രകാരം 57 ടാപ്പുകൾ റദ്ദാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി, കൊച്ചി ഓഫീസിൽ നിന്ന് അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്. പ്ലാനിംഗ് ഓഫീസ് മുഖാന്തിരവും മേൽ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്. |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | അപാകത പരിഹരിച്ചു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയിച്ച് റേഷൻ ഡീലേഴ്സ് കത്ത് നൽകിയിരുന്നു |

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61539928 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50146787 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 116214 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 501260 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 76214 | അനില രഘുനാഥ് അസി.എൻജിനീയർ |
| 3-2 | | 40000 | ലിജി.കെ.വി (വി.ഇ.ഒ) |
| | | 116214 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 501260 | ഡി.സഞ്ജയ് പ്രഭ (സെക്രട്ടറി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ഡി.സഞ്ജയ് പ്രഭു (സെക്രട്ടറി) | സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് | സദ്ഗമയ, നിയർ ഗവ.ഗേൾസ് എച്ച്.എസ്.എസ്. വടക്കൻ പറവൂർ |
| അനില രഘുനാഥ് (അസി.എൻജിനീയർ) | അസി.എൻജിനീയർ, എൽ.എസ്.ജി.ഡി | പടത്തറ ഹൌസ്, ചെറായി പി.ഒ. |
| ലിജി.കെ.വി (വി.ഇ.ഒ) | വി.ഇ.ഒ, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് | പൊന്നിച്ചപറമ്പിൽ വീട്, കെടാമംഗലം, വടക്കൻ പറവൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ (പി3)-714(1)/18 തീയതി 14.09.18 |
| 1999-2000 | എൽ.എഫ്.ഇ (പി3)-714(2)/18 തീയതി 14.09.18 |
| 2001-02 | കെ.എസ്.എ ഇ.കെ.എം. (പി3)-635-അദാ(3)/19തീയതി 18.07.19 |
| 2003-04 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(5)/19തീയതി 18.07.19 |
| 2007-08 | കെ.എസ്.എ. ഇ.കെ.എം.(പി3)-714(5)/18തീയതി 14.09.18 |
| 2013-14 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(11)/19തീയതി 18.07.19 |
| 2014-15 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(12)/19തീയതി 18.07.19 |
| 2015-16 | കെ.എസ്.എ. ഇ.കെ.എം.(പി3)2040/16/തീയതി 30.07.18 |
| 2016-17 | കെ.എസ്.എ. ഇ.കെ.എം.(പി3)-1785/17തീയതി 21.10.17 |
| 2017-18 | കെ.എസ്.എ. ഇ.കെ.എം.(പി3)-2027/2018 തീയതി02.11.18 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-

19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>

1. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി ആസ്തി മൂല്യം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, വാർഷികകണക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല.
2. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ബില്ലിൽ രൂ. 15154744/- കുടിശ്ശിക രേഖപ്പെടുത്തി പോരുന്നുണ്ട്. ഈ തുക വാർഷിക കണക്കിൽ Liability ആയി രേഖപ്പെടുത്തുന്നില്ല.

3. B 17 Schedule ൽ VPFA III. 6, VPFA III. 7 എന്നീ അക്കൗണ്ടുകളിലായി യഥാക്രമം രൂ. 5912, രൂ. 500/- എന്നിങ്ങനെ ബാലൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ അക്കൗണ്ടുകളോ തുകകളോ നിലവിൽ ഇല്ല. എന്നാൽ ട്രഷറിയിൽ നിന്ന് ഇവ റദ്ദ് ചെയ്തിട്ടില്ല.

4. NREGA യുടെ കണക്കിൽ I 6, I 14 (a) എന്നിവയിലെ ചെലവു തുകകൾ പൊരുത്തപ്പെടുന്നില്ല (Tonner Filling – ന് ചെലവായ രൂ. 400/- Poverty Alleviation -ൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ഇത് other Administration expence ൽ കയറിവന്നതുകൊണ്ട് സംഭവിച്ചതാണ്.)

ഡെപ്യൂട്ടി ഡയറക്ടർ

## <u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of Kuzhuppilly Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section ' 4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of Kuzhuppilly Grama Panchayat for the year 2018-19 subject to the observations in the Annexure II, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

<u>Defects Identified on Verification of Kuzhuppilly Grama Panchayat Annual Financial Statement for the year 2018-19.</u>

1. Valuation of assets not completed and asset value recorded in asset register and A.F.S.

2. In the monthly bill issued by Kerala Water Authority, an amount of Rs. 15154744/- is shown as the dues to Authority. But this amount is not included as liability in Annual Financial Statement.

3. As per B 17 Schedule of AFS, balance of Rs. 5912/-, Rs. 500/- are shown against VPFAIII 6, VPFA III 7 respectively. Even though there does not exist such balances in Treasury, the authorities did not take any action for the cancellation of these accounts.

4. An amount of 400 spent towards tonner filling belongs to the head Poverty alleviation. But it was wrongly posted in the head other administrative Expenses. So the amount of NREGA in I 6 does not match with that of I -14 (a) schedule.

DEPUTY DIRECTOR